# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1939  08.06.2018 ൽ മറുപടിയ്ക്ക്

### ആഡംബര കാറുകൾക്ക് പുതുച്ചേരി രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ നിന്നുള്ള ആഡംബര കാറുകൾ പുതുച്ചേരിയിൽ വ്യാജ വിലാസത്തിൽ രജിസ്റ്റർ ചെയ്ത് നികുതി വെട്ടിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 285 കേസുകൾ ക്രൈംബ്രാഞ്ചിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന നിയമ പ്രകാരം 1007 വാഹന ഉടമകൾക്ക് നോട്ടീസ് നൽകുകയുമുണ്ടായി. |
| (ബി) | ഇതിന്റെ ഫലമായി എത്ര തുക നികുതിയിന ത്തിൽ അധികമായി ലഭിച്ചിട്ടുണ്ട്; | (ബി) | മോട്ടോർ വാഹന നിയമപ്രകാരം 1007 വാഹനങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിൽ 407 വാഹനങ്ങൾ നികുതി അടച്ചിട്ടുണ്ട്. ഈ ഇനത്തിൽ 34 കോടി 57 ലക്ഷം രൂപ ശേഖരി ച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള നികുതി വെട്ടിപ്പുകൾ ആവർ ത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത കേരള ത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും ആയവയിൽ നിന്നും കേരള ത്തിലെ നികുതി ഈടാക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവ അടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീക രിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി ഇത്തര ത്തിലുള്ള രജിസ് ട്രേഷ നുകൾ നടത്തി നികുതി വെട്ടിക്കുന്ന പ്രവണതകൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ